സി.ഇ.ഇ./1106/ഡി.എൻ.ബി–2020/റ്റി.എ.3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## 2020 –ലെ ഡി.എൻ.ബി പോസ്റ്റ് എം.ബി.ബി.എസ് /ഡി.എൻ.ബി പോസ്റ്റ് ഡിപ്ലോമ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

2020–21 അദ്ധ്യയനവർഷത്തെ ഡി.എൻ.ബി പോസ്റ്റ് എം.ബി.ബി.എസ്/ഡി.എൻ.ബി പോസ്റ്റ് ഡിപ്ലോമ, സ്റ്റേറ്റ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. ഡി.എൻ.ബി പോസ്റ്റ് എം.ബി.ബി.എസ് സ്റ്റേറ്റ് ക്വാട്ട കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തിയിട്ടുള്ള നീറ്റ് പി.ജി 2020 പ്രവേശന പരീക്ഷ അഭിമുഖീകരിച്ച് നിശ്ചിത യോഗ്യത നേടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരായിരിക്കണം. കൂടാതെ ഡി.എൻ.ബി പോസ്റ്റ് എം.ബി.ബി.എസ് 2020–21 സർക്കാർ അംഗീകൃത ഇൻഫർമേഷൻ ബുള്ളറ്റിൻ പ്രകാരമുള്ള മറ്റ് വിദ്യാഭ്യാസ യോഗ്യതകളും നിബന്ധനകളും ബാധകമായിരിക്കും. 2020–21 അദ്ധ്യയന വർഷത്തെ ഡി.എൻ.ബി പോസ്റ്റ് എം.ബി.ബി.എസ് കോഴ്സുകൾ (സ്റ്റേറ്റ് ക്വാട്ട സീറ്റ്) കേരള ഹെൽത്ത് സർവ്വീസ് ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ജനറൽ ആശുപത്രി തിരുവനന്തപുരം, ജനറൽ ആശുപത്രി എറണാകുളം, ജില്ലാ ആശുപത്രി പാലക്കാട് എന്നിവിടങ്ങളിലായിരിക്കും നടത്തപ്പെടുക.

ഡി.എൻ.ബി പോസ്റ്റ് ഡിപ്ലോമ സ്റ്റേറ്റ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷാർത്ഥികൾ അനസ്തേഷ്യോളജിയിലുള്ള പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമയോടൊപ്പം നാഷണൽ ബോർഡ് ഓഫ് എക്സ്മിനേഷൻ നടത്തുന്ന **DNB PDCET-2020** പ്രവേശന പരീക്ഷ അഭിമുഖീകരിച്ചുള്ള യോഗ്യതയും നേടിയിരിക്കണം. കൂടാതെ ഡി.എൻ.ബി പോസ്റ്റ് ഡിപ്ലോമ, സ്റ്റേറ്റ് ക്വാട്ട സീറ്റിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച സർക്കാർ അംഗീകൃത ഇൻഫർമേഷൻ ബുള്ളറ്റിനിൽ പ്രതിപാദിക്കുന്ന വിദ്യാഭ്യാസയോഗ്യത/മറ്റ് യോഗ്യതകളും നേടിയിരിക്കണം. ഈ അദ്ധ്യയന വർഷം അനസ്തേഷ്യോളജിയിൽ ലഭ്യമായ ഒരു ഡി.എൻ.ബി പോസ്റ്റ് ഡിപ്ലോമ (സ്റ്റേറ്റ് ക്വാട്ട സീറ്റ് ) ജനറൽ ഹോസ്പിറ്റൽ തിരുവനന്തപുരത്തായിരിക്കും നടത്തപ്പെടുക. **14.08.2020** വൈകിട്ട് **5.00** മണി വരെയാണ് അപേക്ഷ സമർപ്പിക്കാനുള്ള സമയം.

ഇൻഫർമേഷൻ ബുള്ളറ്റിനും കൂടുതൽ വിവരങ്ങൾക്കും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് കാണുക.

ഹെൽപ്പ് ലൈൻ നമ്പർ .0471–2525300

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
10.08.2020